"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- ബജറ്റ് പ്രവൃത്തി- 2025-26- കാസറഗോഡ് മഞ്ചേശ്വരം നിയോജകമണ്ഡലം - '**മിയ്യപദവ് ദമ്പത്തോടി റോഡ് (മീഞ്ച പഞ്ചായത്ത്)**'എന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി.)വകുപ്പ്**

സ.ഉ.(സാധാ) നം.653/2026/LSGD തീയതി,തിരുവനന്തപുരം, 10-03-2026

---

പരാമർശം:- തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 24.02.2026-ലെ LSGD/PD/4604/2026-EW1-നമ്പർ കത്ത്

ഉത്തരവ്

2025-26 സാമ്പത്തിക വർഷത്തെ വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II വാല്യം II -ക്രമനമ്പർ 658 പ്രകാരം 25 ലക്ഷം രൂപ അടങ്കൽ തുക കണക്കാക്കി, 5 ലക്ഷം രൂപ വകയിരുത്തി കാസറഗോഡ് മഞ്ചേശ്വരം നിയോജക മണ്ഡലത്തിലെ' **മിയ്യപദവ് ദമ്പത്തോടി റോഡ് (മീഞ്ച ഗ്രാമ പഞ്ചായത്ത്)**' എന്ന പ്രവൃത്തിക്ക് 25 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന്മേൽ ഭരണാനുമതി ലഭ്യമാക്കണമെന്ന് പരാമർശിത കത്ത് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ അഭ്യർഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2025 -2026 വർഷത്തെ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II - വാല്യം II -ൽ ക്രമ നമ്പർ.658 ആയി 20% തുക വകയിരുത്തി ഉൾപ്പെടുത്തിയിരിക്കുന്ന '**മിയ്യപദവ് ദമ്പത്തോടി റോഡ് (മീഞ്ച പഞ്ചായത്ത്)**' എന്ന പ്രവൃത്തിക്ക് 25 ലക്ഷം രൂപയുടെ (ഇരുപത്തിയഞ്ച് ലക്ഷം രൂപ മാത്രം) ഭരണാനുമതി നൽകിയും, ടി പ്രവൃത്തിക്കാവശ്യമായ ചെലവ് "**4515-00-800-92(NP)**"-എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതിന് അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ /ഓഡിറ്റ്) കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്.(E:3439983/DEV-3/85/2026-FIn dated 07.03.2026) (AS/LGD/25/49609)
ചീഫ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
ഇൻഫർമേഷൻ ഓഫീസർ വെബ് & ന്യൂ മീഡിയ വിംഗ്, ഐ.പി.ആർ.ഡി. തിരുവനന്തപുരം
കരുതൽ ഫയൽ. (DB2/147/2026-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Smitha. L
Date: 10-03-2026 12:37:32

സെക്ഷൻ ഓഫീസർ